CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*Sathyadeepam*, vol. 73,
no: 2 (Aug. 18, 1999), pp. 5 & 11

# സംഗീതവും ക്രൈസ്തവ സഭാചരിത്രവും ഗവേഷണ വീക്ഷണത്തിൽ

ജോസഫ് പാലയ്ക്കൽ സി.എം.ഐ

ഇന്ത്യയിൽ വ്യത്യസ്തങ്ങളായ സംഗീതശൈലികളുടെ സമൃദ്ധികൊണ്ട് ഏറ്റവും സമ്പന്നമായ സംസ്ഥാനമാണ് നമ്മുടെ കൊച്ചുകേരളം. എന്നാൽ, സംഗീതസംബന്ധമായ വിഷയങ്ങളിൽ ഏറ്റവും കുറച്ചു ഗവേഷണങ്ങൾ നടക്കുന്ന സംസ്ഥാനവും കേരളം തന്നെ! സംഗീതശാസ്ത്രത്തിൽ ബിരുദം നല്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനവും കേരളത്തിലില്ല. പലതലമുറകൾ കൊണ്ടു ചെയ്തു തീർക്കാനാവാത്തത്ര ഗവേഷണ മേഖലകൾ കേരളസംഗീതത്തിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നു. എന്നിട്ടും, സംഗീതഗവേഷകരുടെ ശ്രദ്ധ ഇതിലേക്കു ക്ഷണിക്കപ്പെടുന്നില്ല. പാട്ടും സംഗീതവും ഒരു സമൂഹത്തിന്റെ തറവാട്ടു സ്വത്താണ്. അവയുടെ ചരിത്രം ആ സമൂഹത്തിന്റെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

സംഗീതത്തോടും സംഗീതശാസ്ത്രത്തോടുമുള്ള കേരളീയരുടെ ലാഘവമേറിയ സമീപനരീതി ഏറ്റവുംകൂടുതൽ പ്രത്യക്ഷമാകുന്നതു ക്രിസ്ത്യാനികളുടെയിടയിലാണ്. തനിമയുള്ള അനേകം സംഗീതശൈലികളുടെ ഉടമസ്ഥരാണു കേരളത്തിലെ ക്രൈസ്തവർ. പക്ഷെ, അറുപതുകളുടെ അവസാനം മുതൽ സിനിമാഗാനത്തിന്റെ ശക്തമായ വേലിയേറ്റത്തിൽ ആ ശൈലികൾക്കു പിടിച്ചുനിൽക്കാനാവുന്നില്ല. കേരളത്തിലെ ചില ക്രൈസ്തവ സമൂഹങ്ങളിലെങ്കിലും ആരാധനക്രമഗാനങ്ങളും ഭക്തിഗാനങ്ങളും തമ്മിൽ അതിർവരമ്പുകളില്ലാതാകുന്നു. അവ രണ്ടും സിനിമാഗാനശൈലിയിൽ നിന്നു വേർതിരിക്കാനാവാത്ത സ്ഥിതിവിശേഷം. ആധുനികകേരളത്തിലെ സാമാന്യജീവിതത്തിൽ കാണാത്തത്ര കൺസ്യൂമറിസം ദേവാലയഗാനങ്ങളുടെ കാര്യത്തിൽ കാണാം. ആറ്റിൽ കളഞ്ഞാലും അളന്നുകളയണമെന്നൊരു ചൊല്ലുണ്ടല്ലോ. വ്യതിരിക്തങ്ങളായ ക്രൈസ്തവസംഗീതശൈലികൾ പൂർണ്ണമായും വിസ്മൃതിയിലാണ്ടു പോകുന്നതിനുമുമ്പ് അവയെ വിലയിരുത്തുകയും അവയുടെ ചരിത്രം പഠിക്കുകയും ചെയ്യേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു.

തലമുറകൾ തലമുറകൾക്ക് ഓർമ്മകൾ കൈമാറാനുപയോഗിക്കുന്ന ഉപായങ്ങളിൽ ഒന്നാണ് പാട്ട്. ഓർമ്മകൾ കാത്തുസൂക്ഷിക്കാത്ത തലമുറ വേരില്ലാത്ത വൃക്ഷവും ഓർമ്മകൾ കൈമാറാത്ത തലമുറ കായ്ക്കാത്ത വൃക്ഷവുമാണ്. കടലാസും കമ്പ്യൂട്ടറും ഇല്ലാതിരുന്ന കാലത്തും നമ്മുടെ നാട്ടിൽ ചരിത്രം സൂക്ഷിച്ചിരുന്നത് പാട്ടുകളുടെ പേടകങ്ങളിലാണ്. വടക്കൻ പാട്ടും തെക്കൻ പാട്ടും പള്ളിപ്പാട്ടും പാണൻ പാട്ടും പോലെ എത്രയെത്രയോ ഉദാഹരണങ്ങൾ! പുതിയ പള്ളി പണിയുമ്പോൾ, പഴയ പള്ളി പുതുക്കി പണിയുമ്പോൾ, തദ്ദേശക്കാർ പാട്ടുകൾ ഉണ്ടാക്കി. പള്ളിയുടെയും അതു പണിതവരുടെയും അതിൽ ആരാധിക്കുന്നവരുടെയും നാമഹേതുകനായ വിശുദ്ധന്റെയുമൊക്കെ ചരിത്രം



www.TheCMSIndia.org

പാട്ടുകളിൽ നിക്ഷേപിച്ചു. അവരതു പാടി; പുതിയ തലമുറ അത് ഏറ്റു പാടി. ദൂരദേശത്തു നിന്നു തികച്ചും അപരിചിതമായ ദേശത്തേയ്ക്കു കല്യാണം കഴിച്ചു വന്ന കൊച്ചുപെൺകുട്ടിക്കു തന്റെ ഭർത്താവിന്റെ ദേശത്തിന്റെയും ദേവാലയത്തിന്റെയുമൊക്കെ ചരിത്രം പഠിക്കാനും അവളുടെ കുട്ടികളെ പഠിപ്പിക്കാനും പാട്ടുകളായിരുന്നു പ്രധാനം അവലംബം. അങ്ങനെ, ഒരു തലമുറയെ മറ്റൊരു തലമുറ യുമായി ബന്ധിപ്പിക്കുന്ന പൊക്കിൾകൊടിയായിമാറി പാട്ടുകൾ. ഇന്നു കേരളത്തിലെ പല പുരാതന പള്ളികളുടെയും പൂർവ്വചരിത്രം പി.യു.ലൂക്കാസ് പ്രസിദ്ധം ചെയ്ത 'പുരാതനപ്പാട്ടുകൾ' എന്ന പുസ്ത കത്തിൽ മാത്രമാണുള്ളത്.

വ്യക്തിക്കും കുടുംബത്തിനും ചരിത്രമുള്ളതുപോലെ ഓരോ പാട്ടിനും അതിന്റേതായ ചരിത്രപ ശ്ചാത്തലമുണ്ട്. വ്യക്തികളുടെയും കുടുംബങ്ങളുടെയും സഭകളുടെയുമൊക്കെ ചരിത്രങ്ങൾ പര സ്പരം ബന്ധപ്പെട്ടിരിക്കുന്നതുപോലെതന്നെ ഒരു പാട്ടിന്റെ ചരിത്രം അതുണ്ടാക്കിയ വ്യക്തിയുടെയും അതു പാടുന്ന സമൂഹത്തിന്റെയും അവരുടെ സഭകളുടെയും അതിലുപയോഗിച്ചിരിക്കുന്ന ഭാഷയുടെ പോലും ചരിത്രങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. സുപരിചിതമായ ഒരു ഗാനം ഉദാഹരണമായെടു ക്കാം. കേരളത്തിലെ കത്തോലിക്കർ – സുറിയാനി – ലത്തീൻ വ്യത്യാസമില്ലാതെ ഒരുമിച്ചുകൂടുമ്പോൾ പാടാൻ കിട്ടുന്ന വളരെ ചുരുക്കം പാട്ടുകളിലൊന്നാണു 'വാവാ യേശുനാഥാ, വാവാ സ്നേഹനാഥാ' എന്നു തുടങ്ങുന്ന ഗാനം (ജോൺ പോൾ മാർപ്പാപ്പ മലയാളക്കരയിൽ 'ബലി' യർപ്പിച്ചപ്പോൾ ഈ പാട്ടു പാടാതിരുന്നതിനെ ഓർത്തു ദു:ഖിച്ചാലും!). ലളിതമായ പദ്യശൈലി, സരളമായ ശബ്ദഭംഗി, സുന്ദരമായ പ്രതിബിംബങ്ങൾ. പാടുകയോ പാടിക്കേൾക്കുകയോ ചെയ്യുന്ന ഏതൊരു സഹൃദയ നെയും പുളകം കൊള്ളിക്കുന്ന ഗാനം. ആദ്യപാദം പാടിക്കഴിയുമ്പോഴേക്കും ഈണം മറക്കാം. ഈണ ത്തിന്റെ ഓർമ്മഭാരത്തിൽ നിന്നു വിമുക്തമായ മനസ്സിനെ പടിപടിയായി പദങ്ങളുടെ അർത്ഥത്തി ലേയ്ക്കും അവിടെ നിന്ന് ബുദ്ധിക്കും അർത്ഥത്തിനുമതീതമായ ആദ്ധ്യാത്മികാനുഭൂതിയിലേക്കും തിരി ച്ചുവിടാം. അധികം സംഗീതവാസനയില്ലാത്തവർക്കും അനായാസേന പാടാം. (കേരളത്തിലിന്നും നില വിലിരിക്കുന്ന സുറിയാനി സംഗീതശൈലിയെ വിലയിരുത്താനും ഈ മാനദണ്ഡങ്ങൾ ഉപയോഗിക്കാമെന്നോർക്കുക.) ഭാഷയുടെയും കവിതയുടെയും മാനദണ്ഡങ്ങൾ വച്ചു നോക്കുമ്പോൾ തികച്ചും കേരളീയമായ ഗാനമാണിത്. എന്നാലിതിന്റെ ഈണമോ തീർത്തും പാശ്ചാത്യം. കേരളത്ത നിമ തൊട്ടുതേച്ചിട്ടില്ലാത്ത സംഗീത ശൈലി. കേരളീയർക്കു സ്വന്തമെന്നഭിമാനിക്കാവുന്ന സോപാന സംഗീതത്തിന്റെയോ കേരളത്തിലേക്കു കുടി കയറിവന്ന സുറിയാനിസംഗീതത്തിന്റെയോ അതുപോ ലെതന്നെ തെന്നിന്ത്യൻ ശാസ്ത്രീയസംഗീതത്തിന്റെയോ തദ്ദേശീയമായ നാടോടിപ്പാട്ടുകളുടെയോ സ്വാധീനം ലേശംപോലുമില്ല. സംഗീതശാസ്ത്രവിധികൾക്കനുസരിച്ചു വിശകലനം ചെയ്യുമ്പോൾ മാത്രമേ ഇതിന്റെ ഈണത്തിലെ കപടലാളിത്യം വെളിച്ചത്തുവരൂ. സാമാന്യവായനക്കാർക്കു വിരസത യുളവാക്കുന്ന സാങ്കേതിക പദങ്ങളുടെ സഹായം തേടേണ്ടതുകൊണ്ട് അത്തരമൊരു വിശകലനത്തിനി വിടെ പ്രസക്തിയില്ല. എന്നാൽ, ചിലകാര്യങ്ങൾ വ്യക്തമാണ്. ഇതിന്റെ സൃഷ്ടികർത്താവു കൈവിരലി ലെണ്ണാവുന്നത്ര നോട്ടുകളുപയോഗിച്ചു മനോഹരമായൊരീണം നെയ്തിരിക്കുന്നു. പാശ്ചാത്യസംഗീത ശൈലിയിലാണ് ഇതിലെ സ്വരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. മൂന്നുമാത്രകളിൽ ആദ്യത്തെ മാത്രയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇതിലെ വിളംബകാല താളക്രമവും പാശ്ചാത്യം തന്നെ. എന്നോ ഏതോ പാശ്ചാത്യ നാട്ടിൽ നിന്ന് ഒരു പാതിരിയോ പാശ്ചാത്യനാടു സന്ദർശിച്ചുമടങ്ങിയെത്തിയ തെന്നിന്ത്യൻ ക്രിസ്ത്യാനിയോ ഈ ഈണം കേരളത്തിൽ കൊണ്ടു വന്നിരിക്കണം. അല്ലെങ്കിൽ ഒരു പാശ്ചാത്യ ഈണത്തിന്റെ ചുവടുപിടിച്ചു പുതിയൊരീണം മെനഞ്ഞതുമാകാം. കേരളത്തിലേക്കുള്ള ഈ ഈണത്തിന്റെ യാത്ര തമിഴ് നാട്ടിലൂടെയാകാൻ സാദ്ധ്യതയുണ്ട്. തമിഴ് നാട്ടിലെ കത്തോലിക്ക

രുടെയിടയിൽ 'ഈശോ സ്നേഹിക്കിറാൻ' എന്നു തുടങ്ങുന്ന വരികളിലൂടെ ഈ ട്യൂൺ വളരെ പ്രസിദ്ധമാണ്. കാലക്രമത്തിൽ 'വാ വാ യേശുനാഥാ' എന്ന മനോഹരമായ വരികളിലൂടെ ഈ ട്യൂൺ മലയാള മണ്ണിലലിഞ്ഞുചേർന്നു. ചുരുക്കിപ്പറഞ്ഞാൽ 'വാ വാ യേശുനാഥാ' എന്ന പാട്ടിന്റെ ചരിത്ര പശ്ചാത്തലം പഠന വിഷയമാക്കുന്നപക്ഷം അതു രണ്ടുരാജ്യങ്ങളുടെയും സഭകളുടെയും വ്യത്യസ്തരായ രണ്ടു ജനതകളുടെയും അവരുടെ സംസ്കാരങ്ങളുടെയും സമ്പർക്ക–സങ്കലന ചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുന്നു എന്നു കാണാം.

ഒരു പാട്ടിന്റെ ഈണത്തിന് അതിന്റെ വരികളേക്കാൾ ആയുസ്സ് കൂടുതലുണ്ടെന്നുള്ളതു വിചിത്രമായൊരു വസ്തുതയാണ്. ചിലപ്പോൾ ഒരു ഈണത്തിന് ഒന്നിലധികം ആയുസ്സുകൾ ഉണ്ടായെന്നു വരാം. വരികൾ വിസ്മൃതിയിലലിഞ്ഞുചേർന്നതിനുശേഷവും ഈണങ്ങൾ ജീവിക്കുന്നു. കാലവും ദേശവും ഭാഷയും മറികടന്ന് ഈണങ്ങൾ സഞ്ചരിക്കുന്നു. അന്യഭാഷകളിൽനിന്ന് വാക്കുകൾ ആഹരിച്ച് ഈണങ്ങൾ പുനർജ്ജീവിക്കുന്നു. ഒരേ ഭാഷയിൽത്തന്നെ 'പാട്ടുകെട്ടാ' നുള്ള നൂലായി ഈണങ്ങൾ പ്രവർത്തിക്കുന്നു. അതിനാൽ, സംസ്കാരസങ്കലനങ്ങളുടെ ചരിത്രം പഠിക്കാൻ പാട്ടിന്റെയീണങ്ങൾ ഉപാധിയത്രെ? ഈണങ്ങളുടെ പ്രയാണം സംഗീതഗവേഷകർക്കുമാത്രമല്ല നരവംശശാസ്ത്രജ്ഞർക്കും ഇഷ്ടപ്പെട്ട വിഷയമാണ്. ഒരുകാലത്ത്, ഒരുദേശത്തു നിലവിലിരുന്ന ഈണങ്ങൾ ആ ദേശത്തു വിസ്മൃതിയിലാവുകയും വളരെ വ്യത്യസ്തമായ സംസ്കാരങ്ങളുടെ നടുവിൽ മറ്റൊരു ദേശത്ത് അതേ ഈണങ്ങൾ പുനർജ്ജന്മം പ്രാപിക്കുകയും ചെയ്യുക അസാധാരണമല്ല. മദ്ധ്യപൂർവദേശത്തുനിന്നു മലയാളക്കരയിലെത്തിയ സുറിയാനിശീലുകളിൽ പലതും ഇന്നതിന്റെ ഉത്ഭവസ്ഥാനത്തു നിലനില്ക്കുന്നില്ല. ഈ ഈണങ്ങളാകട്ടെ, അനേകശതവർഷങ്ങൾക്കു ശേഷവും കേരളത്തിൽ ജീവിക്കുന്നു. അങ്ങനെ പ്രസ്തുത ഈണങ്ങൾ രണ്ടു ദേശത്തിന്റെയും രണ്ടു സംസ്കാരങ്ങളുടെയും സമ്പർക്കത്തിന്റെ കഥകൾ കാത്തുസൂക്ഷിക്കുന്നു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഈണങ്ങളുടെ പ്രയാണം പോലെതന്നെ വ്യത്യസ്ഥമായ പരിസ്ഥിതികളിൽ അവയ്ക്കു സംഭവിക്കുന്ന പരിണാമങ്ങളും ശ്രദ്ധാർഹമാണ്. കുടിയേറിയ ക്രൈസ്തവരിലൂടെ കേരളത്തിലെത്തിയ സുറിയാനിസംഗീതവും നാടോടിപ്പാട്ടുകളിലെ ശീലുകളും ശാസ്ത്രീയ സംഗീതത്തിലെ താളക്രമങ്ങളും ചേർന്നു 'മാർഗംകളി' പ്പാട്ടുണ്ടായി. ദ്രാവിഡവൃത്തമായ പാനയെ ക്രൈസ്തവർ സുറിയാനിമയമാക്കി 'പുത്തൻപാന' പാടി. അറബിരാജ്യത്തുനിന്നെത്തിയ ബൈത്തുകളും ഇസലുകളും മലയാളമുണ്ടുടുത്തപ്പോൾ മുസ്ലീങ്ങളുടെ 'മാപ്പിളപ്പാട്ടാ'യി. വടക്കേന്ത്യയിൽ പേർഷ്യൻ സംഗീതവും ഇന്ത്യൻ സംഗീതവും തമ്മിലുള്ള സംബന്ധത്തിലൂടെ 'ഹിന്ദുസ്ഥാനി' സംഗീതം സംജാതമാകുന്നതിനു വളരെ മുമ്പാണു കേരളത്തിൽ അറബിവൃത്തങ്ങളും മലയാളഭാഷയും കൂടിക്കലർന്നു മാപ്പിളപ്പാട്ടുണ്ടായത്. ഇന്ത്യൻ ഭൂഖണ്ഡത്തിനകത്ത് തെക്കേന്ത്യയിലെയും വടക്കേന്ത്യയിലെയും സംഗീത സംസ്കാരങ്ങൾ കൂടിക്കലരാതെ തനിമ കാത്തു സൂക്ഷിച്ചപ്പോഴും ഈ കൊച്ചു കേരളത്തിൽ സംഗീതസംസ്കാരസങ്കലനങ്ങൾ ശക്തിയായി നടന്നതിനു പിന്നിലുള്ള സാമൂഹികശാസ്ത്ര വശങ്ങൾ ഗവേഷണവിഷയമാക്കേണ്ടവതന്നെ.

ഈണങ്ങളുടെ പ്രയാണവും പരിണാമവും പോലെ ഗവേഷണപ്രാധാന്യമുള്ളതാണ് അവയുടെ തിരോധാനവും. കേരളസഭാചരിത്രത്തിന്റെ ആണിക്കല്ലായ മാർത്തോമ്മാ സംഭവം ഈ നൂറ്റാണ്ടിന്റെ ആരംഭംവരെ ആഘോഷിച്ചിരുന്നതു 'റമ്പാൻ' പാട്ടിലൂടെയും 'മാർഗംകളിപ്പാട്ടി' ലൂടെയുമായിരുന്നു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART